(ബി) ഊന്നി—ചീനവലകളിൽനിന്നും ലഭിക്കുന്ന വർദ്ധിച്ച ആദായം കണക്കിലെടുത്തും ലൈസൻസ് ഫീസ് പിരിച്ചെടുക്കാൻ സർക്കാരിനുണ്ടാകുന്ന ഭരണച്ചെലവ് കണക്കിലെടുത്തും അഞ്ചു വർഷം മുൻപ് പുറപ്പെടുവിച്ചതും ഈ വർഷം മുതൽ നടപ്പാക്കാൻ ഉത്തരവായതുമായ ലൈസൻസ് ഫീ വർദ്ധനവ് പുനഃപരിശോധനയ്ക്ക് വിധേയമാക്കേണ്ടതില്ലായെന്ന് തീരുമാനിച്ച് ഫിഷറീസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പുതിയ മത്സ്യബന്ധന തുറമുഖങ്ങൾ

30 [58] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഴാം പഞ്ചവത്സര പദ്ധതിക്കാലത്ത് എത്ര മത്സ്യബന്ധന തുറമുഖങ്ങളാണ് പുതുതായി അനുവദിക്കുവാനും പണി തുടങ്ങുവാനും ഉദ്ദേശിക്കുന്നത്;

(ബി) അവ ഏതെല്ലാം;

(സി) കോഴിക്കോട് ജില്ലയിലെ പുതിയാപ്പ മത്സ്യബന്ധന തുറമുഖത്തിന്റെ പണി ഏഴാം പഞ്ചവത്സര പദ്ധതിക്കാലത്ത് തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) 4 എണ്ണം.

(ബി) മാപ്പിളബേ, പൊന്നാനി, പുതിയാപ്പ, മുനമ്പം (അഴീക്കോട്)

(സി) കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചാൽ 7-ാം പദ്ധതിക്കാലത്ത് പണി തുടങ്ങും.

അപ്പുവിന് ശമ്പളം ലഭിക്കുന്നില്ലെന്നു പരാതി

31 [59] ശ്രീ. എ. വി. രാഘവൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടിനൽകുമോ:

കാഞ്ഞങ്ങാട് സ്കൂൾ ഹെൽത്ത് പ്രോഗ്രാമിൽ ഡ്രൈവറായി ജോലി നോക്കുന്ന തന്റെ ഭർത്താവ് ശ്രീ. കെ. അപ്പു എന്നയാൾക്ക് 1985 ജനുവരിമുതൽ ശമ്പളം ലഭിക്കുന്നില്ലെന്ന് പരാതിപ്പെട്ടുകൊണ്ട് കാസർകോഡ് ജില്ലയിലെ ഹോസ്ദുർഗ് കടക്കാവ് പൊള്ളാബായിൽ സി.വി. നാരായണി 26-6-1985-ൽ മുഖ്യമന്ത്രിയ്ക്ക് അയച്ച ഹർജിയിൻമേൽ ഇതിനകം എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഗവൺമെന്റിന് ഇതു സംബന്ധിച്ച് ഒരു പരാതി നേരത്തെ ലഭിച്ചിരുന്നു. അതിൻമേൽ ഉചിതമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly